# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 449 27.02.2018 - ൽ മറുപടിക്ക്**

## ചെറുകിട വ്യവസായ മേഖല

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. അബ്ദുറഹിമാൻ<br>ശ്രീ. എൻ. വിജയൻ പിള്ള<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. പി.ടി.എ. റഹീം | ശ്രീ. എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | തൊഴിലവസരങ്ങൾ കൂടുതൽ നൽകുന്നതും പരിസ്ഥിതി നാശവും മലിനീകരണവും ഏറെ കുറഞ്ഞതുമായ സൂക്ഷ്മ, ചെറുകിട വ്യവസായ മേഖല പ്രോത്സാഹിപ്പിക്കാനായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | (എ) | കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ തരംതിരിക്കൽ പ്രകാരം വൈറ്റ്/ഗ്രീൻ വിഭാഗങ്ങളിൽപെട്ട അതിസൂക്ഷ്മ ഗാർഹിക സംരംഭങ്ങൾക്ക് അവർ എടുക്കുന്ന ബാങ്ക് വായ്പയിൽ 6% വാർഷിക പലിശ സബ്സിഡിയായി 3 വർഷത്തേയ്ക്ക് പലിശ ഇളവ് അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ചെറുകിട വ്യവസായ സംരംഭകർക്ക് സംരംഭകത്വ സഹായ പദ്ധതിയിലൂടെ സബ്സിഡി അനുവദിക്കുമ്പോൾ പരിസ്ഥിതി സൗഹൃദ സംരംഭങ്ങൾക്ക് 10% അധിക സബ്സിഡിയും നൽകി വരുന്നു. ശുചിത്വ മിഷനുമായി ചേർന്ന് പരിസ്ഥിതി സൗഹാർദ്ദ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഇത്തരം ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് അടിസ്ഥാന സൗകര്യ വികസനം നൽകുന്നതിനായി സംസ്ഥാനത്ത് ഉടനീളം സ്ഥാപിച്ചിട്ടുള്ള 38 ഡി.എ/ഡി.പി കളിൽ പരിസ്ഥിതി സൗഹാർദ്ദ സംരംഭങ്ങൾക്ക് 5% ഏരിയ പ്രത്യേകമായി മാറ്റി വച്ചിട്ടുണ്ട്. സംസ്ഥാന ചെറുകിട വ്യവസായ വികസനത്തിനായി വകുപ്പു നടപ്പിലാക്കുന്ന മറ്റ് പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>**1. ഇ.ഡി.ക്ലബ്ബ്**<br>യുവസംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി.ക്ലബ്ബ്) പ്രവർത്തിച്ചു വരുന്നു.<br>**2. ഇൻകുബേഷൻ സെൻററുകൾ**<br>പുതിയ വ്യവസായ ആശയവുമായി മുന്നോട്ട് വരുന്ന സംരംഭകർക്ക് അവരുടെ ആശയം പ്രാവർത്തികമാക്കുന്നതിനുളള എല്ലാവിധ സഹായങ്ങളും നൽകി അവ യഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോട് കൂടിയാണ് ബിസിനസ്സ് ഇൻകുബേഷൻ സെൻററുകൾ പ്രവർത്തിക്കുന്നത്.<br>**3. ക്ലസ്റ്റർ ഡെവലപ്പ്മെൻറ് പ്രോഗ്രാം**<br>ഒരേ തരത്തിലുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുകയും ഒരു പ്രദേശത്ത് പ്രവർത്തിക്കുകയും ചെയ്യുന്ന വ്യവസായ സംരംഭങ്ങൾക്ക് സഹായമാം വിധത്തിൽ കോമൺ ഫെസിലിറ്റി സെൻറർ സ്ഥാപിക്കുക എന്ന മുഖ്യ ലക്ഷ്യത്തോടുകൂടി എം.എസ്.ഇ-സി.ഡി.പി പദ്ധതി നടപ്പിലാക്കിവരുന്നു. |

| | | | |
|---|---|---|---|
| | | | **4. മറ്റു പദ്ധതികൾ**<br>മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ കേരളത്തിൽ വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനായി, ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്ക്, സ്കിൽ ഡവലപ്പ്മെൻറ് പ്രോഗ്രാം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരഭകത്വ ബോധവത്കരണ പരിപാടി, ജില്ലാടിസ്ഥാനത്തിൽ ടെക്നോളജി മാനേജ്മെൻറ് ഡവലപ്മെൻറ് പ്രോഗ്രാം, എം.എസ്.എം.ഇ. ഉൽപ്പന്ന വിപണന മേളകൾ തുടങ്ങിയ പരിപാടികൾ നടത്തി വരുന്നു.<br>സംസ്ഥാനതലത്തിൽ കേരളത്തിന്റെ തനത് ഉല്പന്നങ്ങളുടെ പ്രദർശന-വില്പന മേള 'മാമാങ്കം' എന്ന പേരിൽ നടത്താൻ ഉദ്ദേശിക്കുന്നു. അതിന് പുറമേ സർവ്വകലാശാലകൾക്കും ഗവേഷണ സ്ഥാപനങ്ങൾക്കും സാങ്കേതിക ദാതാക്കൾക്കും ഗവേഷണം നടത്തുവാൻ വേണ്ട സാമ്പത്തിക സഹായം ലഭ്യമാക്കുവാൻ ലക്ഷ്യമിടുന്ന ഇൻഡസ്ട്രി-വാഴ്സിറ്റി ലിങ്കേജ് എന്ന ഒരു പദ്ധതി സർക്കാർ പരിഗണനയിലാണ്. |
| (ബി) | ഇത്തരം മേഖലയിൽ ഉൽപാദന പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്നവരെ സഹായിക്കാനായുള്ള എന്റർപ്രണർ സപ്പോർട്ട് സ്കീമിന്റെ വിശദാംശം അറിയിക്കാമോ; | (ബി) | സൂക്ഷ്മ - ചെറുകിട- ഇടത്തരം സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക എന്ന ലക്ഷ്യത്തോടെ വകുപ്പിൽ നിലവിൽ ഉണ്ടായിരുന്ന പദ്ധതികൾ ഏകോപിപ്പിച്ച് 01/04/2012 മുതൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഇത്. ഈ പദ്ധതി പ്രകാരം ഉല്പാദന സംരംഭങ്ങൾക്ക് സ്ഥിരം മൂലധനത്തിന്റെ 15% മുതൽ 30% വരെ പരമാവധി 30 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. ഇത് മൂന്നു ഘട്ടങ്ങളിലായിട്ടാണ് നൽകുന്നത്. 1)സ്റ്റാർട്ട് അപ് സപ്പോർട്ട് 2) ഇൻവെസ്റ്റ്മെൻറ് സപ്പോർട്ട് 3)ടെക്നോളജി സപ്പോർട്ട്. ഇതുപ്രകാരം താലൂക്ക് വ്യവസായ ഓഫീസുകൾ മുഖേന ജില്ലാ വ്യവസായ കേന്ദ്രങ്ങൾ അപേക്ഷ സ്വീകരിക്കുകയും ജില്ലാതല കമ്മറ്റികളിൽ സമർപ്പിച്ച് യൂണിറ്റുകൾക്ക് സബ്സിഡി പാസ്സാക്കി വിതരണം ചെയ്യുന്നു. രണ്ടുകോടിക്ക് മേൽ സ്ഥിരം മൂലധനം ഉള്ള സംരംഭങ്ങൾക്ക് സംസ്ഥാന തല കമ്മറ്റിയാണ് സബ്സിഡി പാസ്സാക്കുന്നത്. |
| (സി) | അസിസ്റ്റൻസ് സ്കീം ഫോർ ഹാൻഡിക്രാഫ്റ്റ് ആർട്ടിസാൻസ് (ആഷ) ഫലപ്രദമായി നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | ഉണ്ട്. കരകൗശല മേഖലയിൽ ആരംഭിച്ച ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് അസിസ്റ്റൻറ് സ്കീം ഫോർ ഹാൻറിക്രാഫ്റ്റ്സ് ആർട്ടിസാൻസ് (ആഷ) സ്കീം 20.08.2016 മുതൽ നടപ്പിലാക്കി വരുന്നു. ആഷാ സ്കീമിൽ 2016-17 ൽ 30 ലക്ഷം രൂപ വകയിരുത്തിയിരുന്നു. അതിൽ 16.33 ലക്ഷം രൂപ ചെലവായിട്ടുണ്ട്. 2017-18 ൽ 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ വർഷം നാളിതുവരെ 23,51,736/ രൂപ ആശാ പദ്ധതി പ്രകാരം ജില്ലകളിലേക്ക് അലോട്ട്മെൻറ് നടത്തിയിട്ടുണ്ട്. ബാക്കി തുക പൂർണ്ണമായും ഈ വർഷം തന്നെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**